സ്റ്റേറ്റ് മുഴുവൻ സഞ്ചരിക്കേണ്ടിവരുന്ന പോലീസ് കാൺസ്റ്റബിൾമാർ. പ്രതിമാസം 60 രൂപവീതം

റയിൽവേപോലീസിലെ പോലീസ് കാൺസ്റ്റബിൾമാർ. ,, 30 ,,

(സി.) അല്ല.

ഭൂമി പതിച്ചുകൊടുക്കൽ

* 698. [28] ശ്രീ. എം. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെന്റ് ഭൂമിയിൽ കയ്യേറിയവർക്ക് കയ്യേറിയ സ്ഥലങ്ങൾ പതിച്ചുകൊടുക്കുന്നതു സംബന്ധിച്ച് വല്ല തീരുമാനവുമെടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ സ്വഭാവം എന്താണ് ?

(സി) ആകെ കയ്യേറ്റക്കാരുടെ സംഖ്യ എത്ര ; ഓരോ ജില്ലയിലുമെത്ര ?

നിയമവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ടി. എ. തൊമ്മൻ) :

(എ) ഉണ്ട്. ലാൻഡ് അസൈൻമെന്റ് റൂളിൽ ഇതിലേയ്ക്ക് ചില വ്യവസ്ഥകളുണ്ട്.

(ബി) പ്രതിഷേധാർഹമല്ലാത്ത കൈയ്യേറ്റമാണെങ്കിൽ റൂളിൽ വ്യവസ്ഥചെയ്തിട്ടുള്ള ഫീസ് ഈടാക്കി വിധേയമായി പതിച്ചുകൊടുക്കാവുന്നതാണ്.

(സി) 43752.

തിരുവനന്തപുരം	4527
കൊല്ലം	5776
ആലപ്പുഴ	3461
കോട്ടയം	10802
എറണാകുളം	7434
തൃശ്ശൂർ	6115
പാലക്കാട്	1173
കോഴിക്കോട്	1698
കണ്ണൂർ	2766
	43752

UNSTARRED QUESTIONS AND ANSWERS

റൂറൽ വാട്ടർസപ്ലൈ സ്കീം

94. [1] ശ്രീ. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്ടുജില്ലയിലെ മണ്ണാക്കാട് റൂറൽ വാട്ടർസപ്ലൈ സ്കീമിന്റെ പ്രാരംഭപ്രവർത്തനം ആരംഭിച്ചുവോ എന്നാണ്;

(ബി) ഈ സ്കീമിന്റെ പ്രവൃത്തി നിർത്തിവെച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുണ്ടായ സാഹചര്യം എന്താണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സ്കീമിന്റെ എസ്റ്റിമേറ്റ് സംഖ്യ എന്താണ് ; സ്കീമിന്റെ ടെക്നിക്കൽ സാംഗ്ഷൻ കൊടുത്തതെന്നാണ്;

(ഡി) സ്കീമിന്റെ നിത്തിവെച്ച പ്രവൃത്തി എന്നത്തേയ്ക്ക് പുനരാരംഭിക്കുവാൻ സാധിക്കും ?

ഉത്തരം

(എ) ജനുവരി 1961-ൽ.

(ബി) 10 അടി കഴിച്ചപ്പോഴും പാറക്കല്ല് കാണുകയാൽ പണി തുടർന്നുകൊണ്ടുപോകാൻ മുൻ കൺട്രാക്റ്റർ സന്നദ്ധനല്ലായിരുന്നു. അതിനാൽ പണി നിത്തിവെയ്ക്കേണ്ടതായിവന്നു.

(സി) സ്കീമിന്റെ എസ്റ്റിമേറ്റ് സംഖ്യ ഇപ്പോൾ 96400 രൂപ ആക്കി മാറ്റിയിട്ടുണ്ട്. 22-11-63-ൽ ഇതിനു ടെക്നിക്കൽ സാംഗ്ഷൻ കൊടുത്തു.

(ഡി) ഈ സ്കീമിന്റെ പണികഴിക്കായി 96400 രൂപയുടെ ഒരു പുതുക്കിയ എസ്റ്റിമേറ്റ് 22-11-63-ൽ അംഗീകരിച്ചു. അതിൻപ്രകാരം പണികഴിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

പ്രസവകാലവേതനം

95. [2] ശ്രീ. കെ. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെറ്റേർണിറ്റി ബെനിഫിറ്റ് ആക്റ്റനുസരിച്ച് 150 ദിവസം ഒരു കൊല്ലത്തിൽ ജോലി ചെയ്ത സ്ത്രീതൊഴിലാളികൾക്ക് പ്രസവകാലവേതനം കൊടുക്കണമെന്ന ചട്ടം പാലക്കാട് ജില്ലയിലെ തിരുവഴാംകുന്ന് കന്നുകാലിഫാമത്തിലനുസരിക്കുന്നില്ലെന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഈ ഫാമിലെ സ്ത്രീതൊഴിലാളികൾ കൊല്ലത്തിൽ 240 ദിവസം പണിയെടുത്താലേ പ്രസവകാലവേതനത്തിനർഹരാകൂ എന്ന നിബന്ധനയുണ്ടോ;

(സി) എങ്കിൽ ഈ സമ്പ്രദായം നിത്താനാവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഈ ആക്റ്റ് തിരുവഴാംകുന്ന് ഫാമത്തിലേക്ക് ബാധകമാക്കിയിട്ടില്ല.

(ബി) ഉണ്ട്.

(സി) പരിശോധിക്കാം.

9 a. m.] **Calling Attention Under Rule 61.**

Lack of Amenities in the Contageous Diseases Hospital, Iranimuttam, Trivandrum.

Mr. Speaker : I have received a notice under Rule 61 from Shri K. Anirudhan. I call upon the Member to make a statement.

ശ്രീ. കെ. അനിരുദ്ധൻ: സ്പീക്കർ സർ, തിരുവനന്തപുരത്ത് ഒരു ഐസൊലേഷൻ ആശുപത്രിയുണ്ട്. അതിന്റെ പേരു് കണ്ടേജിയസ് ഡിസീസ്സ് ഹാസ്പിറ്റലെന്നാണ്. ഈ ആശുപത്രിയിൽ ഏകദേശം 150—ാളം മസൂരി പിടിപെട്ട ആളുകളുണ്ടെന്നാണ് ഞാൻ മിനഞ്ഞാന്ന് നേരിട്ടമനസിലാക്കിയതു്. മസൂരിയെന്നുപറയുന്നതിൽ സ്മാംപാക്സെന്നും ചിക്കൻപാക്സെന്നും രണ്ടുതരമുണ്ട്. ഈ നിയമസഭയുടെ പുറത്തിറങ്ങിയപ്പോൾ മിന[illegible] പിടിപെട്ട രണ്ടുമൂന്നുപേരെ എനിക്ക് കാണാനിടയായി.

LIBRARY ARCHIVES Kerala Legislative Assembly